(സി) ഡാമിനുമുകളിലൂടെ ഇരുവശത്തേയ്ക്കും വാഹനയാത്ര ചെയ്യാൻ കഴിയും വിധം റോഡ് കൂടി ഉൾപ്പെടുത്തിയാണ് ഡാം ഡിസൈൻ ചെയ്തിരിക്കുന്നത്. ഡാമിനുമുകളിൽ കൂടി 2.4 M വീതിയുള്ള RCC bridge ആണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിൽക്കൂടി ജീപ്പ് തുടങ്ങിയ light vehicle -ന് കടന്നുപോകാൻ കഴിയും. എന്നാൽ ഡാമിന്റെ വലതുകരയിൽ റോഡിനുവേണ്ട സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല.

(ഡി) ഉണ്ട്. ഈ പദ്ധതി ഒരു റൺ-ഓഫ്-റിവർ സ്കീം ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. നദിയിലെ ജലം പൂർണ്ണമായും ഉപയോഗിക്കാത്തതിനാലും ഡാമിന്റെ സംഭരണശേഷി കുറവായതിനാലും 120 M ഗേറ്റില്ലാത്ത സ്പിൽവേ കൊടുത്തതിനാലും അധികജലം താഴേയ്ക്ക് ഒഴുക്കി വെള്ളച്ചാട്ടം നിലനിർത്തുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ആയതിനാൽ അവിടുത്തെ ടൂറിസം സാധ്യതയ്ക്ക് കുറവ് വരില്ല.

കാർഷികാവശ്യത്തിന് വൈദ്യുതി താരിഫ്

47 (393) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാണ്യവിളകളുടെ കാർഷികാവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം കാർഷിക താരിഫിൽ നിന്നും മാറ്റി വ്യാവസായിക താരിഫായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത മാറ്റത്തിലൂടെ താരിഫിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത താരിഫിലെ വർദ്ധന, സബ്സിഡിയായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 16-8-2014-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ ലോ ടെൻഷൻ വിഭാഗത്തിൽ വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള നാണ്യവിളകളെ കാർഷിക താരിഫിൽ നിന്ന് മാറ്റി വ്യാവസായിക താരിഫിലേക്ക് ആക്കിയിട്ടുണ്ട്. വിതരണ ലൈസൻസി എന്ന നിലയിൽ കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മാത്രമേ വൈദ്യുതി ചാർജ്ജ് ഈടാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാധിക്കുകയുള്ളൂ.

(ബി) നാണ്യവിളകളുടെ താരിഫ് മാറ്റത്തിലൂടെ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly